(ഇ) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന്റെ സാങ്കേതിക പരിശോധന പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്.

**താനൂർകൂട്ടായി കനോലി കനാലിന് കുറുകെ നടപ്പാലം**

**98 (6257)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർകൂട്ടായി കനോലി കനാലിന് കുറുകെ അഞ്ച് നടപ്പാലങ്ങൾ നിർമ്മിക്കാൻ ജലസേചന വകുപ്പ് തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിൽ ഇതിനകം എത്ര നടപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയായി ;

(സി) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ കാലാവധി അവസാനിപ്പിച്ച സാഹചര്യത്തിൽ ശേഷിക്കുന്ന നടപ്പാലങ്ങളുടെ പ്രവൃത്തി സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ;

(ഡി) പുതിയ കടപ്പുറം നടപ്പാലത്തിന്റെ സിവിൽ വർക്ക് ഇതിനകം പൂർത്തിയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന്റെ ശേഷിക്കുന്ന മെക്കാനിക്കൽ വർക്ക് അടിയന്തരമായും പൂർത്തിയാക്കുന്നതിനായി എന്ത് നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പ്രവൃത്തി പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ജി) അല്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി താമസം കൂടാതെ നടപ്പാലങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) ഒരു നടപ്പാലത്തിന്റെ നിർമ്മാണം പൂർത്തിയായി.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ)-(ജി) പ്രസ്തുത നടപ്പാലത്തിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുവേണ്ടി 10.32 ലക്ഷം രൂപ വേണ്ടിവരും. ഇത് ഫണ്ടിന്റെ ലഭ്യത അനുസരിച്ചു മാത്രമേ നടപടി സ്വീകരിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly